പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2239 9/12/2014-ൽ മറുപടിക്ക്

# പുതിയ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്<br>,, എം.പി.വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, എം. എ. വാഹിദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ | (എ) ഉണ്ട്.<br>1. ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം<br>2. 107.5 MW – ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെൻഡർ ചെയ്യാനുദ്ദേശിക്കുന്നു.<br>3. 54.25 MW സ്ഥാപിത ശേഷിയുള്ള 11 പദ്ധതികളുടെ DPR മേയ് 2015 ന് മുമ്പ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>4. 61.25 MW– ന്റെ 10 പുതിയ പദ്ധതികൾ അടുത്ത 2 വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി DPR പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.<br><br>മറ്റ് ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ; | <u>(ബി)യും (സി) യും (ഡി)യും</u><br>പുതിയ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. 432.2 MW –ന്റെ 39 പദ്ധതി കളിൽ 12 എണ്ണത്തിന് ബോർഡ് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികൾക്ക് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് (അനുബന്ധം 2).<br>മറ്റ് ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | |
| (ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | |
| (ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | (ഇ) പ്രസ്തുത ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ പ്രത്യേക ടീമുകളുണ്ടാക്കി സർവ്വേ ജോലികളും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും ലാൻഡ് അക്വസിഷൻ നടപടികളും പുരോഗമിച്ചു വരുന്നു.<br>മറ്റ് പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം 3 ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്